**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2780** **10-03-2025 - ൽ മറുപടിയ്ക്ക്**

**പ്രൊഫഷണൽ ഉദ്യോഗാർത്ഥികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ എത്ര പ്രൊഫഷണൽ ഉദ്യോഗാർത്ഥികളാണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (എ) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>അനുബന്ധം 1 ആയി ചേർക്കുന്നു<br><br>**പട്ടികജാതി വികസന വകുപ്പ്**<br><br>വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഉദ്യോഗാർത്ഥികളെ പ്രൊഫഷണൽ മേഖലകളിൽ തൊഴിലിന് എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വകുപ്പ് മുഖേന ചെയ്തുവരുന്നത്; ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരവരുടെ താൽപര്യത്തിനനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃതപരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയോ ചെയ്യുന്നതിനു വിവിധ തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടത്തി വരുന്നുണ്ട് . വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>**പട്ടികജാതി വികസന വകുപ്പ്**<br><br>ഉദ്യോഗാർത്ഥികളെ പ്രൊഫഷണൽ മേഖലകളിൽ തൊഴിലിന് എത്തിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം 3 ആയി ചേർക്കുന്നു. |
| (സി) | പുതിയ എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ മേഖലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (സി) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരവരുടെ താൽപര്യത്തിനനുസരിച്ച് |

| | | | |
|---|---|---|---|
| | | | ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃതപരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്പരാക്കുകയോ ചെയ്യുന്നതിനു വിവിധ തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടത്തി വരുന്നുണ്ട് . വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>**<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>ഉദ്യോഗാർത്ഥികളെ പ്രൊഫഷണൽ മേഖലകളിൽ തൊഴിലിന് എത്തിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| **ജില്ല** | **പ്രൊഫഷണൽ ഉദ്യോഗാർത്ഥികളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 80 |
| കൊല്ലം | 74 |
| ആലപ്പുഴ | 79 |
| പത്തനംതിട്ട | 206 |
| കോട്ടയം | 256 |
| ഇടുക്കി | 994 |
| എറണാകുളം | 87 |
| തൃശൂർ | 109 |
| പാലക്കാട് | 642 |
| മലപ്പുറം | 44 |
| കോഴിക്കോട് | 250 |
| വയനാട് | 971 |
| കണ്ണൂർ | 206 |
| കാസർഗോഡ് | 733 |
| **ആകെ** | **4731** |

അനുബന്ധം 2

- ഏവിയേഷൻ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ഡിജിറ്റൽ മീഡിയ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- നിർമ്മാണ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- അഭിഭാഷക ധനസഹായ പദ്ധതി
- പൈലറ്റ് പരിശീലന ധനസഹായ പദ്ധതി
- സിവിൽ സർവീസ് പരിശീലന ധനസഹായ പദ്ധതി
- ട്രൈബൽ പാരാമെഡിക്സ് ട്രെയിനി പദ്ധതി
- ഉന്നതി – വിദേശ പഠന സഹായ പദ്ധതി
- സർക്കാർ മേഖലകളിലെ തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളായ അക്രഡിറ്റഡ് എഞ്ചിനീയർമാരെയും വകുപ്പിൽ നിയമിച്ച് പരിശീലനം നൽകി വരുന്നു .

അനുബന്ധം 3

## നൈപുണ്യ വികസന പരിശീലനം

പട്ടികജാതി വിഭാഗത്തിൽപെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. വിവര സാങ്കേതിക, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഓട്ടോമൊബൈൽ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്.
ഇത്തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഉറപ്പാക്കുന്നുണ്ട്. കൂടാതെ ഇത്തരം നൈപുണ്യ വികസന പരിശീലനങ്ങളിലൂടെ പരിശീലനം നേടുന്നവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും ഇത് സഹായകരമാകുന്നു.

## സ്റ്റാർട്ടപ്പ് ഡ്രീംസ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ് സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല കേരള സ്റ്റാർട്ടപ്പ് മിഷനാണ്. ഈ പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ ഇൻകുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽ നിന്നും ഈടാക്കുന്നത്. സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനമുൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനും മികച്ച രീതിയിൽ അവ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശവും വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികളും ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്.
റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽ പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത് .കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ട് അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും, പ്ലഗ് ആൻഡ് പ്ലേയ് വർക്ക് സ്റ്റേഷനും, കോൺഫറൻസ് റൂം , മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. പ്രീ ഇൻകുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവു വരെയും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് പരിശീലനം നൽകി വരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന മുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതുമാണ്.കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ സംസ്ഥാന സർക്കാർ നൽകി

വരുന്ന യുവ സംരംഭകത്വ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയുടെ ഭാഗമാകുന്നവർക്കും ലഭ്യമാണ്. പർച്ചേസ് /വർക്ക ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട് വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിലെ വനിതാ സംരംഭകർക്കും ലഭ്യമാണ്.

**ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഹോണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്). വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ സേവന മേഖലയിൽ കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. എഞ്ചിനിയറിംഗ് മേഖലയിൽ യോഗ്യത ഉള്ളവരെ അക്രഡിറ്റഡ് എഞ്ചിനീയർമാരായും, നഴ്സിംഗ്/ പാരാമെഡിക്കൽ യോഗ്യത ഉള്ളവരെ നഴ്സിംഗ്/പാരാമെഡിക്കൽ അപ്രന്റീസുമാരായും, MSW ബിരുദധാരികളെ സോഷ്യൽ വർക്കർമാരായും, നിയമ ബിരുദധാരികളെ ലീഗൽ അസിസ്റ്റന്റ് തസ്തികയിലും പദ്ധതി പ്രകാരം നിയമനം നൽകുന്നു .

പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

ട്രേസ് പദ്ധതിയുടെ ഭാഗമായി രണ്ടുവർഷത്തെ പരിശീലനം നേടിയിട്ടുള്ള, സിവിൽ എൻജിനീയറിങ്ങിൽ ബിരുദമോ ടി മേഖലയിൽ ഡിപ്ലോമയോ നേടിയിട്ടുള്ള അക്രഡിറ്റഡ് എൻജിനിയർമാർക്ക് പൊതു-സ്വകാര്യ കമ്പനികളിൽ അവരവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് തൊഴിൽ സാഹചര്യവും മികച്ച വേതനവും ഉറപ്പുവരുത്തുക എന്നുള്ള ഉദ്ദേശത്തോടെ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അനുബന്ധം 2

- ഏവിയേഷൻ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ഡിജിറ്റൽ മീഡിയ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- നിർമ്മാണ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- അഭിഭാഷക ധനസഹായ പദ്ധതി
- പൈലറ്റ് പരിശീലന ധനസഹായ പദ്ധതി
- സിവിൽ സർവീസ് പരിശീലന ധനസഹായ പദ്ധതി
- ട്രൈബൽ പാരാമെഡിക്സ് ട്രെയിനി പദ്ധതി
- ഉന്നതി – വിദേശ പഠന സഹായ പദ്ധതി
- സർക്കാർ മേഖലകളിലെ തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളായ അക്രഡിറ്റഡ് എഞ്ചിനീയർമാരെയും വകുപ്പിൽ നിയമിച്ച് പരിശീലനം നൽകി വരുന്നു .

അനുബന്ധം 3

## നൈപുണ്യ വികസന പരിശീലനം

പട്ടികജാതി വിഭാഗത്തിൽപെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. വിവര സാങ്കേതിക, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഓട്ടോമൊബൈൽ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്.

ഇത്തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഉറപ്പാക്കുന്നുണ്ട്. കൂടാതെ ഇത്തരം നൈപുണ്യ വികസന പരിശീലനങ്ങളിലൂടെ പരിശീലനം നേടുന്നവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും ഇത് സഹായകരമാകുന്നു.

## സ്റ്റാർട്ടപ്പ് ഡ്രീംസ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ് സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല കേരള സ്റ്റാർട്ടപ്പ് മിഷനാണ്. ഈ പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ ഇൻകുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽ നിന്നും ഈടാക്കുന്നത്. സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനമുൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനും മികച്ച രീതിയിൽ അവ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശവും വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികളും ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്.

റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽ പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത് .കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ട് അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും, പ്ലഗ് ആൻഡ് പ്ലേയ് വർക്ക് സ്റ്റേഷനും, കോൺഫറൻസ് റൂം , മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. പ്രീ ഇൻകുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവു വരെയും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് പരിശീലനം നൽകി വരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന മുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതുമാണ്.കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ സംസ്ഥാന സർക്കാർ നൽകി

വരുന്ന യുവ സംരംഭകത്വ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയുടെ ഭാഗമാകുന്നവർക്കും ലഭ്യമാണ്. പർച്ചേസ് /വർക്ക ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട് വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിലെ വനിതാ സംരംഭകർക്കും ലഭ്യമാണ്.

**ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഹോണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്). വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ സേവന മേഖലയിൽ കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. എഞ്ചിനിയറിംഗ് മേഖലയിൽ യോഗ്യത ഉള്ളവരെ അക്രഡിറ്റഡ് എഞ്ചിനീയർമാരായും, നഴ്സിംഗ്/ പാരാമെഡിക്കൽ യോഗ്യത ഉള്ളവരെ നഴ്സിംഗ്/പാരാമെഡിക്കൽ അപ്രന്റീസ്മാരായും, MSW ബിരുദധാരികളെ സോഷ്യൽ വർക്കർമാരായും, നിയമ ബിരുദധാരികളെ ലീഗൽ അസിസ്റ്റന്റ് തസ്തികയിലും പദ്ധതി പ്രകാരം നിയമനം നൽകുന്നു .

പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

ട്രേസ് പദ്ധതിയുടെ ഭാഗമായി രണ്ടുവർഷത്തെ പരിശീലനം നേടിയിട്ടുള്ള, സിവിൽ എൻജിനീയറിങ്ങിൽ ബിരുദമോ ടി മേഖലയിൽ ഡിപ്ലോമയോ നേടിയിട്ടുള്ള അക്രഡിറ്റഡ് എൻജിനിയർമാർക്ക് പൊതു-സ്വകാര്യ കമ്പനികളിൽ അവരവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് തൊഴിൽ സാഹചര്യവും മികച്ച വേതനവും ഉറപ്പുവരുത്തുക എന്നുള്ള ഉദ്ദേശത്തോടെ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.